A

SAMAGRA SHIKSHA KERALA

9001

ആത്യന്തിക വിലയിരുത്തൽ-II 2025-26

# ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

ക്ലാസ് : IX

സമയം : 2 മണിക്കൂർ

സ്കോർ : 45

**നിർദേശങ്ങൾ**

- ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നീ വിഷയങ്ങളെ മൂന്നു ഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം.
- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. എല്ലാ ഉത്തര ക്കടലാസിലും പേര്, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ, വിഷയം എന്നിവ രേഖപ്പെടുത്തണം.

## ആരോഗ്യ-കായിക വിദ്യാഭ്യാസം

1. ചേരുംപടി ചേർത്ത് തന്നിരിക്കുന്നവയിൽ നിന്ന് ഉചിതമായത് തിരഞ്ഞെടുക്കുക.

| പ്രവർത്തനം | കായികക്ഷമതാഘടകങ്ങൾ |
|---|---|
| A. വേഗത്തിൽ ദിശമാറുക. | 1. വഴക്കം |
| B. യോഗ | 2. വേഗത |
| C. സ്പ്രിന്റ് | 3. ഏകോപനം |
| D. ക്രിക്കറ്റിലെ കാച്ചിങ്ങ് | 4. ചടുലത |

a) A - 3 B - 2 C - 1 D - 4

b) A - 2 B - 3 C - 4 D - 1

c) A - 4 B - 1 C - 2 D - 3

d) A - 1 B - 4 C - 3 D - 2 (1 സ്കോർ)

2. ചുവടെ നല്കിയിരിക്കുന്ന പ്രസ്താവനകൾ വായിച്ച് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.

A കായികപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലൂടെ ശാരീരികവികാസം നേടുന്നു.

B കായികപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലൂടെ ബുദ്ധിപരമായകഴിവുകൾ കുറയുന്നു.

a) A യും B യും ശരിയാണ്.

b) A മാത്രം ശരിയാണ്.

c) B മാത്രം ശരിയാണ്.

d) A യും B യും തെറ്റാണ്. (1 സ്കോർ)

3. ചോക്കിങ്ങ് എന്നാലെന്ത്? ചോക്കിങ്ങിന്റെ 4 ലക്ഷണങ്ങൾ എഴുതുക. (2 സ്കോർ)

4. പാദഹസ്താസനം പരിശീലിക്കുമ്പോൾ ബലവും അയവും കൂടുതൽ ലഭിക്കുന്ന ശരീരഭാഗങ്ങൾ ഏതെല്ലാം?

(2 സ്കോർ)

5. ചികിത്സ, തൊഴിൽ മേഖലകളിൽ നീന്തലിന്റെ സാധ്യതകൾ വിശദീകരിക്കുക. (2 സ്കോർ)

6. ടെക്സ്റ്റ് നെക്കിന്റെ നാല് പരിഹാരനടപടികൾ എഴുതുക. (2 സ്കോർ)

7A. ബീൻ ബാഗ് പ്രവർത്തനത്തിൽ മികവ് പുലർത്തുന്നതിന് സഹായിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?

***അല്ലെങ്കിൽ***

7B. കായിക സംസ്കാരം എന്നാലെന്ത്? അതിന്റെ പ്രാധാന്യം വിവരിക്കുക. (2 സ്കോർ)

8A. ജീവിതശൈലീരോഗങ്ങൾ എന്നാലെന്ത്? കാരണങ്ങളും പരിഹാരമാർഗങ്ങളും എഴുതുക.

***അല്ലെങ്കിൽ***

8B. ഡ്രൗണിങ് സംഭവിച്ച വ്യക്തിക്ക് നല്കേണ്ട പ്രഥമശുശ്രൂഷ വിവരിക്കുക? (3 സ്കോർ)

## കലാവിദ്യാഭ്യാസം

1. ചിത്രത്തിൽ കൊടുത്തിരിക്കുന്ന മേളത്തെക്കുറിച്ചുള്ള പ്രസ്താവനകൾ താഴെ നൽകിയിരിക്കുന്നു.



i. ചിത്രത്തിൽ കാണുന്നത് ചെണ്ടമേളമാണ്.

ii. ചെണ്ടമേളത്തിൽ ഉപയോഗിക്കുന്ന പ്രധാന വാദ്യമാണ് മദ്ദളം.

iii. ചെണ്ടമേളത്തിൽ ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ തന്ത്രിവാദ്യങ്ങളാണ്.

*താഴെ നൽകിയതിൽനിന്ന് ശരിയായത് തിരഞ്ഞെടുക്കുക.*

a) എല്ലാ പ്രസ്താവനകളും ശരിയാണ്.

b) എല്ലാ പ്രസ്താവനകളും തെറ്റാണ്.

c) പ്രസ്താവന i ശരിയും പ്രസ്താവനകൾ ii, iii തെറ്റുമാണ്.

d) പ്രസ്താവന i തെറ്റും പ്രസ്താവനകൾ ii, iii ശരിയുമാണ്. (1 സ്കോർ)

2. പ്രസ്താവന : ന്യൂസ് പേപ്പറുകൾ അച്ചടിക്കുന്നത് ഓഫ്സെറ്റ് പ്രിന്റിങ് രീതിയിലാണ്.
കാരണം : വൻതോതിൽ അച്ചടിക്കേണ്ട സന്ദർഭത്തിൽ ഉപയോഗിക്കുന്ന രീതിയാണ് ഓഫ്സെറ്റ് പ്രിന്റിങ്.

a) പ്രസ്താവന ശരി, കാരണം തെറ്റ്.
b) പ്രസ്താവനയും കാരണവും ശരി.
c) പ്രസ്താവന തെറ്റ്, കാരണം ശരി.
d) പ്രസ്താവനയും കാരണവും തെറ്റ്. (1 സ്കോർ)

3A ചിത്രങ്ങൾ നിരീക്ഷിക്കുക.



ചിത്രം 1




ചിത്രം 2

മുകളിലെ ചിത്രങ്ങളിൽ ഓർക്കസ്ട്രയുടെ ചിത്രമേത്?
ഏതെങ്കിലും മൂന്ന് ഓർക്കസ്ട്രകളുടെ പേര് എഴുതുക.

***അല്ലെങ്കിൽ***

3B സ്കൂൾ പരിസരത്തുനിന്നും ലഭ്യമായ വസ്തുക്കൾക്കൊണ്ട് ഒരു മേളം ഗ്രൂപ്പായി അവതരിപ്പിക്കുന്നതിന് നിങ്ങൾ തിരഞ്ഞെടുക്കുന്ന വസ്തുക്കൾ എന്തെല്ലാമായിരിക്കും? അവ ഉപയോഗിച്ച് വ്യത്യസ്ത വാദ്യോപകരണങ്ങളുടെ ശബ്ദങ്ങൾ എങ്ങിനെയാണ് ഉണ്ടാക്കുക?
(2 സ്കോർ)

4A യാഥാർഥ്യത്തിൽ നിന്നും വിഭിന്നമായി വരകളിലൂടെയും നിറങ്ങളിലൂടെയും വൈകാരിക അവസ്ഥകളെയും ആശയങ്ങളെയും എക്സ്പ്രഷനിസ്റ്റ് കലാകാർ ചിത്രങ്ങളിലൂടെ പ്രകടിപ്പിച്ചിരുന്നു. താഴെ കൊടുത്തിരിക്കുന്ന എഡ്വേർഡ് മങ്കിന്റെ 'ദി സ്ക്രീം' എന്ന ചിത്രത്തെ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുക. (സൂചകങ്ങൾ : ആശയം, രേഖകളുടെ പ്രത്യേകത, മനുഷ്യന്റെ രൂപം, ഭാവം, അവസ്ഥ)



***അല്ലെങ്കിൽ***

**4B** നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും ഒരു ഉൽപന്നത്തെ/ഉപകരണത്തെ പുതുമയോടെ പുനർനിർമ്മിക്കാൻ ആവശ്യമായ ഡിസൈൻ സ്കെച്ച് വരക്കുക. പഴയ ഡിസൈനിൽ നിങ്ങൾ വരുത്തിയ മാറ്റങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക. (2 സ്കോർ)

**5A** സംഭവങ്ങളെയോ സന്ദർഭങ്ങളെയോ അതിന്റെ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് വസ്തുതാപരമായി ചിത്രീകരിക്കുന്ന വീഡിയോകളാണ് ഡോക്യുമെന്ററി. ഡോക്യുമെന്ററി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട നാലുകാര്യങ്ങളെക്കുറിച്ച് എഴുതുക.

***അല്ലെങ്കിൽ***

**5B** കലോത്സവദിവസത്തെ വീഡിയോകൾ എഡിറ്റുചെയ്യുന്ന ചുമതല നിങ്ങൾക്കാണ്. വീഡിയോ എഡിറ്റിങ്ങിൽ പൊതുവായി ചെയ്യുന്ന കാര്യങ്ങളിൽ ഏതെങ്കിലും നാലെണ്ണം വിശദമാക്കുക? (സ്കോർ 2)

**6** കണ്ണുകളുടെ ചലനംകൊണ്ടുമാത്രം ആശയം വിനിമയം ചെയ്യാൻ കഴിയും. താഴെകൊടുത്തിട്ടുള്ള ചിത്രത്തിൽ കൃഷ്ണമണി ഒരു വശത്തോട്ട് ചലിപ്പിച്ച് "അവിടെ" എന്ന ആശയം വിനിമയം ചെയ്യുന്നതുപോലെ കണ്ണുപയോഗിച്ച് ആശയവിനിമയം ചെയ്യാവുന്ന രണ്ടുനേത്രചലനങ്ങൾ വരച്ച് അതിനെക്കുറിച്ച് എഴുതുക.



(2 സ്കോർ)

**7** കബുക്കി മാസ്ക് ജപ്പാനിൽ പ്രചാരത്തിലുള്ളതാണ്. ഇതുപോലെ നിങ്ങൾക്ക് അറിയാവുന്ന മാസ്ക് ഉപയോഗിക്കുന്ന ഏതെങ്കിലും നാലു കലാരൂപങ്ങളെക്കുറിച്ച് ലഘുവിവരണം എഴുതുക. (2 സ്കോർ)

**8** "കലയറിവുള്ള ഒരു തലമുറയെ വാർത്തെടുക്കുക, കുട്ടികളിൽ സർഗാത്മകത വളർത്തുക" എന്ന ലക്ഷ്യത്തോടെ നിങ്ങളുടെ സ്കൂളിൽ ഒരു കലാകേന്ദ്രം തുടങ്ങുന്നതിന് അനുമതി ലഭിച്ചു എന്നിരിക്കട്ടെ. കുട്ടികൾക്ക് അനുയോജ്യമായ കലാമേഖലകളേയും അതിനാവശ്യമായ സൗകര്യങ്ങളേയും, അതുവഴിയുണ്ടാകാവുന്ന നേട്ടങ്ങളേയും ഉൾപ്പെടുത്തി രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. മാതൃക ചുവടെ ചേർക്കുന്നു.

കലാമേഖല : നൃത്തം - കുട്ടികൾക്ക് നൃത്തം പരിശീലിക്കുന്നതിനുള്ള സ്ഥലം, സാധന സാമഗ്രികൾ സൂക്ഷിച്ചു വെക്കുന്നതിനുള്ള സ്റ്റോർ, ഒരുങ്ങുന്നതിനുള്ള ഗ്രീൻ റൂം, അവതരണത്തിനുള്ള വേദി, ശബ്ദസംവിധാനം, നൃത്തത്തിൽ താൽപര്യമുള്ള കുട്ടികൾക്ക് പരിശീലിക്കാനും അരങ്ങേറാനുമുള്ള അവസരം ലഭിക്കുന്നു.

ഇതുപോലെ മറ്റ് ഏതെങ്കിലും മൂന്ന് കലാമേഖലകളെക്കുറിച്ച് രൂപരേഖ തയ്യാറാക്കുക.

(3 സ്കോർ)

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

1 പ്രസ്താവന - 1 "വ്യക്തി ബന്ധങ്ങൾ ജീവിതത്തെ മനോഹരമാക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നു".

പ്രസ്താവന - 2 "ശക്തമായ ബന്ധങ്ങൾ വൈകാരിക പിന്തുണ നൽകുകയും ഒറ്റപ്പെടൽ കുറയ്ക്കുകയും ജീവിതാനുഭവങ്ങളെ കൂടുതൽ സമ്പന്നമാക്കുകയും ചെയ്യുന്നു."

ഈ പ്രസ്താവനകളെ മുൻനിർത്തി ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.

a) പ്രസ്താവന ഒന്നും രണ്ടും ശരിയാണ്, കൂടാതെ രണ്ട് ഒന്നിന്റെ വിശദീകരണമാണ്.

b) പ്രസ്താവന ഒന്നും രണ്ടും ശരിയാണ്, രണ്ട് ഒന്നിന്റെ ശരിയായ വിശദീകരണമല്ല.

c) പ്രസ്താവന ഒന്ന് ശരിയാണ്, രണ്ട് തെറ്റാണ്.

d) പ്രസ്താവന ഒന്നും, രണ്ടും തെറ്റാണ്. (1 സ്കോർ)

2 ചേരുംപടി ചേർത്ത് തന്നിരിക്കുന്നവയിൽ നിന്ന് ഉചിതമായത് തിരഞ്ഞെടുക്കുക.

| | |
|---|---|
| A ശ്രദ്ധയോടെയുള്ള കേൾവി | 1. മുഖഭാവം, ശാരീരിക ചലനങ്ങൾ കണ്ണുകളിലെ ശ്രദ്ധ എന്നിവയിലൂടെ സന്ദേശം നൽകുന്നത്. |
| B വ്യക്തത | 2. കേട്ടത് സ്വന്തം വാക്കുകളിൽ വ്യക്തതയോടെ അവതരിപ്പിക്കുന്നു. |
| C പ്രതികരണം | 3. ആശയം ലളിതവും കൃത്യവുമായി അവതരിപ്പിക്കുന്നത്. |
| D വാചികമല്ലാത്ത ആശയവിനിമയം | 4. സന്ദേശം മനസ്സിലാക്കി എന്ന് ബോധ്യമാവുന്ന വിധത്തിൽ മറുപടി നൽകുന്നത്. |

a) A - 1 B - 4 C - 3 D - 2

b) A - 4 B - 1 C - 2 D - 3

c) A - 2 B - 3 C - 4 D - 1

d) A - 2 B - 4 C - 3 D - 1 (1 സ്കോർ)

3 നിങ്ങളുടെ സങ്കടങ്ങളും സന്തോഷങ്ങളും പങ്കുവെയ്ക്കാൻ നിങ്ങൾ ഒരു സുഹൃത്തിനെ തിരഞ്ഞെടുക്കുമ്പോൾ ആ സുഹൃത്തിനുണ്ടായിരിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ടു ഗുണങ്ങൾ ഏവ? (2 സ്കോർ)

4 മാനവിന് ജീവിതലക്ഷ്യം കൈവരിക്കുന്നതിന് അവൻ ഇപ്പോൾ പിന്തുടരുന്ന ദിനചര്യകളിൽ മാറ്റം വരുത്തണമെന്ന് ബോധ്യമായി. അതിനായി അവന് എന്ത് നിർദേശങ്ങളാണ് നിങ്ങൾക്ക് നൽകാനുള്ളത്? ആ നിർദേശങ്ങൾ പാലിക്കുന്നതിന്റെ മേന്മകൾ എന്തെല്ലാം?

(2 സ്കോർ)

5 "ഒരിക്കൽ കേട്ട തമാശകൾ ആവർത്തിച്ച് കേട്ടാൽ നിങ്ങൾക്ക് ചിരി വരാറുണ്ടോ? ഇല്ലല്ലോ! അതുപോലെ ഒരിക്കൽ അനുഭവിച്ച വിഷമമോർത്ത് വീണ്ടും വീണ്ടും സങ്കടപ്പെടേണ്ട ആവശ്യമില്ല". ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദീകരിക്കുക.

(2 സ്കോർ)

6 മികച്ച സൗഹൃദങ്ങളിലൂടെ ഒരു വ്യക്തിക്ക് ലഭിക്കുന്ന നേട്ടങ്ങൾ എന്തൊക്കെ? (2 സ്കോർ)

7A "തൊഴിലാളികൾ ഉപയോഗിക്കുന്ന പ്രാദേശിക ഭാഷ അറിയാത്തതുകൊണ്ട് മാനേജർ നൽകിയ നിർദേശങ്ങൾ അവർക്ക് പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞില്ല". ഈ സന്ദർഭത്തിൽ ആശയവിനിമയത്തിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ വിശദമാക്കുക?

*അല്ലെങ്കിൽ*

7B നിങ്ങളുടെ ക്ലാസ്സിൽ ഒരു കുട്ടി സ്ഥിരമായി തനിച്ചിരിക്കുന്നത് കാണുകയാണെങ്കിൽ അവനുമായി നല്ല ബന്ധം സ്ഥാപിക്കാൻ നിങ്ങൾ എന്തെല്ലാം ചെയ്യും? വിശദീകരിക്കുക.

(2 സ്കോർ)

8A "ആകർഷകമായ സംസാരശൈലി വ്യക്തികളെ സമൂഹത്തിൽ സ്വീകാര്യരാക്കുന്നു". ഈ പ്രസ്താവനയെ വിലയിരുത്തി സംഭാഷണങ്ങൾ കൂടുതൽ ഫലപ്രദവും ആകർഷകവുമാക്കാൻ സഹായിക്കുന്ന മൂന്ന് പ്രധാനഘടകങ്ങൾ സന്ദർഭസഹിതം വ്യക്തമാക്കുക.

*അല്ലെങ്കിൽ*

8B സ്കൂളിലെ ഒരു പരിപാടിയിൽ നിങ്ങൾക്ക് പ്രസംഗിക്കേണ്ടതായിവന്നു. പ്രസംഗം തുടങ്ങുന്നതിനു മുമ്പ് നിങ്ങളുടെ ഹൃദയമിടിപ്പ് കൂടുന്നു, കൈകൾ വിയർക്കുന്നു, നിങ്ങൾ സംസാരിക്കാൻ കഴിയാതെ പതറാൻ തുടങ്ങി. പ്രസംഗം ഒഴിവാക്കാൻ വയറുവേദനയാണെന്ന് പറഞ്ഞ് വേദിയിൽനിന്ന് ഇറങ്ങിപ്പോകാൻ നിങ്ങൾക്ക് തോന്നുന്നു.

a) ഈ ശാരീരിക മാറ്റങ്ങൾക്ക് കാരണമായ വികാരം ഏതാണ്?

b) വേദിയിൽ നിന്നും ഒഴിഞ്ഞുമാറുന്നത് ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ആണോ? എന്തുകൊണ്ട്?

c) പ്രസംഗം തുടങ്ങുന്നതിനു മുമ്പ് നിങ്ങളുടെ ഉത്കണ്ഠ കുറയ്ക്കാനും ആത്മവിശ്വാസം വീണ്ടെടുക്കുവാനും നിങ്ങൾ സ്വയം ചെയ്യേണ്ട മൂന്നു കാര്യങ്ങൾ എന്തൊക്കെയാണ്?

(3 സ്കോർ)